# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.6045 02-04-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>സംസ്ഥാനത്തിന്റെ കടബാധ്യത</u>**

| | | |
|---|---|---|
| (എ) | ഈ സർക്കാർ കാലയളവിൽ സംസ്ഥാനത്തിന്റെ കടബാധ്യത ഭീമമായി വർദ്ധിച്ചതായ ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ; | കേന്ദ്ര സർക്കാർ അനുവദിച്ച് നൽകുന്ന പരിധിക്കുള്ളിൽ നിന്നുമാത്രമേ സംസ്ഥാന സർക്കാർ കടമെടുക്കാറുള്ളൂ. സാങ്കേതിക പ്രശ്നങ്ങൾ മൂലം തുടങ്ങാൻ കഴിയാത്തതൊഴികെ ബജറ്റിൽ പ്രഖ്യാപിച്ച ഭൂരിപക്ഷം പദ്ധതികളും മുടക്കം കൂടാതെ നടപ്പാക്കുന്നതിനു സാധിച്ചിട്ടുണ്ട്. |
| (ബി) | ബജറ്റിൽ പ്രഖ്യാപിച്ച ഭൂരിപക്ഷം പദ്ധതികളും നടപ്പാക്കാത്ത സാഹചര്യത്തിൽ കടബാധ്യത വർദ്ധിച്ച് വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ : | |
| (സി) | ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും അധിക വിഭവസമാഹരണത്തിനും ഉപയോഗപ്രദമാകുന്ന എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ? | ധനകാര്യമാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പൊതുവിപണിയിൽനിന്നുള്ള കടമെടുക്കലും, ആർ.ബി.ഐ.യുടെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റ് ഉപാധികളും ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടും നിർബന്ധിതമല്ലാത്ത ചെലവുകൾ വരവിന് അനുസൃതമായി മാറ്റിവച്ചുകൊണ്ടും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചുകൊണ്ടും ധൂർത്ത് ഒഴിവാക്കിയുമുള്ള ബഹുമുഖ തന്ത്രമാണ് സർക്കാർ നിലവിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. ജി.എസ്.ടി.യുടെ വരവോടുകൂടി സംസ്ഥാനങ്ങളുടെ നികുതി ഭരണത്തിലുള്ള അവകാശം പരിമിതപ്പെട്ടിട്ടുള്ള സാഹചര്യത്തിലും നികുതി ചോർച്ച തടഞ്ഞും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും നികുതി ഇതര വരുമാനം വർദ്ധിപ്പിച്ചും അധിക വിഭവസമാഹരണം നടത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

അക്കൗണ്ട്സ് ഓഫീസർ